# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് മൂന്ന്

## പുത്രൻ

Sat — ദൈവം മാർമികനാണ്. അവൻ മൊത്തത്തിൽ ഒരു മർമ്മമാണ്. എന്നാൽ ഈ മർമം ദൈവത്തിന്റെ സംസാരത്താൽ വെളിപ്പെടുത്തിയിരിക്കുന്നു. ദിവ്യ സംസാരം ഇല്ലെങ്കിൽ ദൈവം എന്നേക്കും അറിയുവാൻ കഴിയാത്തവനായി തുടരും. എന്നാൽ നമ്മുടെ ദൈവം ഇനിമേൽ മാർമികനല്ല. അവൻ ഒരു മർമമല്ല, മറിച്ച് ഒരു കഥയാണ്. ദൈവത്തിന്റെ കഥ തികച്ചും സംസാരത്തിന്റെ ഒരു കാര്യമാണ്. ദൈവത്തിന് ഒരു ചരിത്രമുണ്ട്, അവന്റെ ചരിത്രം ഒരു സംസാരത്തിൻ കഥയാണ്. നമുക്ക് ദൈവത്തിന്റെ കഥ പറയുവാൻ കഴിയും. ദൈവത്തിന്റെ കഥ നിരന്തരമായി സംസാരിക്കുന്ന ഒരു കാര്യമാണ്; അത് ഒരു സംസാരിക്കുന്ന ചരിത്രമാണ്.

ഒന്നാമതായി, താൻ തിരഞ്ഞെടുക്കുകയും പ്രേരിപ്പിക്കുകയും ചെയ്ത ചില ആളുകളിലൂടെ ദൈവം സംസാരിച്ചു. ആദാമിലൂടെയും ഹാബേലിലൂടെയും ഏനോശിലൂടെയും ഹാനോക്കിലൂടെയും നോഹയിലൂടെയും അബ്രാഹാമിലൂടെയും പല വിധങ്ങളിൽ അവൻ സംസാരിച്ചു. അബ്രാഹാമിനുശേഷം, ദൈവം മോശെയിലൂടെയും തിരഞ്ഞെടുക്കപ്പെട്ടവരായ മറ്റു പലരിലൂടെയും —പുരോഹിതന്മാരിലൂടെയും രാജാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിച്ചു. ദൈവത്തിനുവേണ്ടി സംസാരിച്ച ഓരോരുത്തനും, അവൻ ഒരു രാജാവോ പ്രവാചകനോ ആയാലും, ദൈവത്തിന്റെ ആത്മാവിനാൽ പ്രചോദിതനായിരുന്നു. അതുകൊണ്ട്, ദൈവത്തിന്റെ ചരിത്രം സംസാരിക്കുന്ന ഒരു ചരിത്രമാണ്.

ഉയർന്നവരും താഴ്ന്നവരും, വിദ്യാസമ്പന്നരും വിദ്യാഭ്യാസമില്ലാത്തവരും, രാജാക്കന്മാരും ഇടയന്മാരുമായ വ്യത്യസ്തരായ വിവിധ തരം ആളുകളിലൂടെ ദൈവം സംസാരിച്ചതിനുശേഷവും, അവന്റെ സംസാരം പര്യാപ്തമല്ലായിരുന്നു. ദൈവത്തിനുവേണ്ടി സംസാരിക്കുവാൻ ഇവർ എത്രമാത്രം ഉപയോഗിക്കപ്പെട്ടുവെങ്കിലും, അവരുടെ സംസാരം പര്യാപ്തമായിരുന്നില്ല. ദൈവത്തിന്

നേരിട്ടുതന്നെ സംസാരിക്കേണ്ടി വന്നു. അങ്ങനെ അവൻ പുത്രനെന്ന വ്യക്തിയിൽ വന്നു. ദൈവം പുത്രനിൽ നമ്മോട് സംസാരിച്ചുവെന്ന് എബ്രായർ 1:2 പറയുന്നു. എബ്രായലേഖനത്തിന്റെ പ്രത്യുദ്ധാര ഭാഷ്യം അനുസരിച്ച്, 1:1-ൽ *പ്രവാചകന്മാർ* എന്ന പദത്തിനു മുമ്പായി വിവേചകഭേദകമുണ്ട്. എന്നാൽ 1:2-ൽ *പുത്രൻ* എന്നതിനു മുമ്പുള്ള വിവേചകഭേദകം (the) ഇറ്റാലിക്സിലാണ്, ഈ പദം യവന മൂലഗ്രന്ഥത്തിലില്ലെന്നും, എന്നാൽ ഇംഗ്ലീഷ് ഭാഷാശൈലിക്ക് ഇത് ആവശ്യമാണെന്നും സൂചിപ്പിക്കുന്നു. പുത്രൻ എന്ന പദത്തിനു മുമ്പ് വിവേചകഭേദകം ഇല്ലാതെ "ദൈവം പുത്രനിൽ നമ്മോടു സംസാരിച്ചു" എന്ന് ഇംഗ്ലീഷ് ഭാഷയിൽ പറയുവാൻ പ്രയാസമാണ്. "ദൈവം പുത്രനെന്ന വ്യക്തിയിൽ നമ്മോട് സംസാരിച്ചു" എന്ന് ചില മികച്ച ഭാഷ്യങ്ങൾ പറയുന്നു. ആംപ്ലിഫൈഡ് ഭാഷ്യം പോലും *പുത്രനെന്ന വ്യക്തിയിൽ* എന്ന പ്രയോഗം ഉപയോഗിക്കുന്നു. ഇതിനർഥം ദൈവം തന്നെ പുത്രനെന്ന വ്യക്തിയിൽ സംസാരിക്കുന്നു എന്നാണ്. പണ്ട് അവൻ പ്രവാചകന്മാരിലൂടെ സംസാരിച്ചു; ഇപ്പോൾ അവൻ പുത്രനിൽ സംസാരിക്കുന്നു. പുത്രൻ എല്ലാ പ്രവാചകന്മാരിൽ നിന്നും വ്യത്യസ്തനാണെന്ന് നാം കാണണം. എല്ലാ പ്രവാചകന്മാരും തനിക്കുവേണ്ടി സംസാരിക്കുവാൻ ദൈവത്താൽ ഉപയോഗിക്കപ്പെട്ട മനുഷ്യരായിരുന്നു, എന്നാൽ പുത്രൻ ദൈവം തന്നെ സംസാരിക്കുന്നതാണ്. ദൈവം പുത്രനിൽ നമ്മോടു സംസാരിച്ചുവെന്ന് വാക്യം 2-ഉം പുത്രൻ ദൈവമാണെന്ന് വാക്യം 8-ഉം പറയുന്നു. ഇത് സൂചിപ്പിക്കുന്നത് ദൈവം തന്നിൽത്തന്നെ സംസാരിക്കുന്നുവെന്നാണ്. വാക്യം 2-ൽ, ദൈവവും പുത്രനും രണ്ടാണെന്ന് തോന്നാം, കാരണം ദൈവം പുത്രനിൽ സംസാരിച്ചുവെന്ന് അതു പറയുന്നു. എന്നാൽ വാക്യം 8-ൽ പുത്രനും ദൈവവും ഒന്നാണെന്നു സ്പഷ്ടമാണ്, കാരണം പുത്രനെ "ദൈവമേ" എന്ന് അഭിസംബോധന ചെയ്തിരിക്കുന്നു. ദൈവം പുത്രനിൽ സംസാരിച്ചുവെന്നു പറയുന്നത് അർഥമാക്കുന്നത് ദൈവം തന്നിൽത്തന്നെ സംസാരിക്കുന്നു എന്നാണ്.

നാലു സുവിശേഷങ്ങളിൽ പുത്രൻ വന്നു. അവൻ വ്യക്തമായ വാക്കുകളാൽ മാത്രമല്ല, പിന്നെയോ താൻ ആയിരുന്നതിനാലും താൻ ചെയ്തതിനാലും കൂടി, ദൈവത്തെ സംസാരിക്കുവാൻ വന്നു. അവൻ മൊത്തത്തിൽ ദൈവവചനവും ദൈവത്തിന്റെ സംസാരവുമാണ്. ചിലപ്പോൾ അവൻ വാക്കുകൾകൊണ്ട് സംസാരിക്കുകയും, മറ്റു സമയങ്ങളിൽ പ്രവൃത്തികൾകൊണ്ട് സംസാരിക്കുകയും ചെയ്തു. അവൻ ആയിരുന്നതും അവൻ ചെയ്തതും എല്ലാം ദൈവത്തെ സംസാരിച്ചു. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു"(യോഹ. 1:18).

പുത്രൻ ദൈവത്തിന്റെ വചനവും സംസാരവും ആവിഷ്കാരവും നിർവചനവുമാണ്. പുത്രൻ സംസാരിക്കുമ്പോൾ അവന്റെ വചനം ആത്മാവാണ് (യോഹ. 6:63). ഒടുവിൽ, സഭകളോട്, അവൻ സംസാരിക്കുന്ന ആത്മാവാണ്. വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു ലേഖനങ്ങളിൽ ഓരോന്നിന്റെയും ആരംഭത്തിൽ പുത്രൻ സംസാരിക്കുന്നു, എന്നാൽ ഓരോ ലേഖനത്തിന്റെയും അവസാനം ആത്മാവാണ് സഭകളോടു സംസാരിക്കുന്നത്. ദൈവം പുത്രനിൽ സംസാരിക്കുന്നു, പുത്രൻ സഭകളോടു സംസാരിക്കുമ്പോൾ അവൻ സംസാരിക്കുന്ന ആത്മാവാണ്. അവന്റെ സംസാരത്താൽ സഭകൾ അവനുമായി ഒന്നായിത്തീരും. വെളിപാട് പുസ്തകത്തിന്റെ അവസാനം ആത്മാവും സഭയും ഒന്നായി സംസാരിക്കുന്നു (വെളി 22:17). ദൈവം പുത്രനിൽ സംസാരിക്കുന്നു, പുത്രൻ സംസാരിക്കുന്ന ആത്മാവായിത്തീരുന്നു, സംസാരിക്കുന്ന ആത്മാവ് സഭയുമായി ഒന്നായിരുന്നുകൊണ്ട് ദൈവത്തിനുവേണ്ടി സംസാരിക്കുന്നു. ഇതാണ് നമ്മുടെ ദൈവത്തിന്റെ സംസാരത്തിന്റെ ചരിത്രം, സംസാരത്തിൻ കഥയാകുന്ന ചരിത്രം.

ഈ സംസാരത്തിൻ കഥ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മുഴുവൻ വേദപുസ്തകവും ദൈവത്തിന്റെ ഒരു ചരിത്രമാണ്. നാം കണ്ടതുപോലെ, ഈ ചരിത്രം ഒരു സംസാരത്തിൻ കഥയാണ്. ദൈവം സകലത്തെയും സൃഷ്ടിച്ചപ്പോൾ, അവൻ സംസാരത്താൽ അത് ചെയ്തു. പഴയനിയമ കാലഘട്ടത്തിൽ അവൻ മനുഷ്യനോട് ബന്ധപ്പെട്ടപ്പോൾ, പ്രവാചകന്മാരിൽ സംസാരിച്ചുകൊണ്ട് അവൻ അതു ചെയ്തു. പുതിയനിയമ യുഗത്തിൽ അവൻ മനുഷ്യവർഗത്തിന്റെ അടുക്കൽ വന്നപ്പോൾ, അവന്റെ വചനമായി, പുത്രനിൽ, പുത്രനെന്ന വ്യക്തിയിൽ, അവൻ സംസാരിച്ചു. ഇന്ന് എങ്ങനെയാണ് അവൻ സഭകളിലേക്കു വരുന്നത്? സംസാരിക്കുന്ന ആത്മാവായി സംസാരിച്ചുകൊണ്ട്. ആത്മാവായി സംസാരിച്ചുകൊണ്ട്, അവൻ തന്നെത്തന്നെ സഭകളോട് ഒന്നാക്കുന്നു. ആത്യന്തികമായി, ഈ സംസാരത്തിൻ കഥയിൽ അവൻ മാത്രമല്ല, എല്ലാ സഭകളും ഉൾപ്പെടുന്നു. യോഗംതോറും, സഭാജീവിതം ഒരു സംസാരത്തിൻ കഥയാണ്. നാം സംസാരിക്കുന്ന ജനമാണ്. ഈ സംസാരത്താൽ ദൈവം ജനത്തിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നു. ഈ സംസാരത്താൽ നിരവധി മനുഷ്യർ ദിവ്യമൂലകംകൊണ്ട് നിവേശിപ്പിക്കപ്പെടുകയും സാന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്നു. ഇതാണ് സഭാജീവിതം. ഇത് ദൈവം സംസാരിക്കുന്നതാണ്.

എബ്രായലേഖനം ദൈവത്തിന്റെ സംസാരത്തിന്റെ പുസ്തകമാണ്. എബ്രായർക്കുള്ള ലേഖത്തിന്റെ സാരംശം ദൈവം പുത്രനിൽ സംസാരിക്കുന്നതാണ്. ദൈവം പുത്രനിൽ സംസാരിക്കുന്നു, പുത്രൻ ആത്മാവായി സഭകളോടു

സംസാരിക്കുന്നു, ആത്യന്തികമായി ആത്മാവ് സഭയോടുകൂടെ സംസാരിക്കുന്നു. മൊത്തമായും ഈ സംസാരത്തിൻ കഥയാലാണ് ദൈവം മനുഷ്യനിലേക്ക് കൊണ്ടുവരപ്പെടുന്നതും മനുഷ്യൻ ദൈവത്തിലേക്ക് കൊണ്ടുവരപ്പെടുന്നതും. ദൈവവും മനുഷ്യനും, മനുഷ്യനും ദൈവവും ഒന്നായിത്തീരുന്നു. ഇതാണ് അത്ഭുതകരമായ സഭാജീവിതം.

## I. അവന്റെ വ്യക്തി

ഇപ്പോൾ നാം പുത്രനെ കാണുവാൻ ഒരുക്കമുള്ളവരാണ്. എബ്രായർ ഒന്നാം അധ്യായം പുത്രനെ സംബന്ധിച്ച രണ്ടു പ്രധാന കാര്യങ്ങൾ വെളിപ്പെടുത്തുന്നു—അവന്റെ വ്യക്തിയും അവന്റെ വേലയും.

### A. ദൈവതേജസ്സിന്റെ പ്രഭ

പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ ആയിരുന്നുകൊണ്ട്, എബ്രായലേഖനത്തിന്റെ എഴുത്തുകാരന്, പുത്രൻ ദൈവതേജസ്സിന്റെ പ്രഭയാണെന്നു പറയുവാനുള്ള ജ്ഞാനം ഉണ്ടായിരുന്നു (1:3). ദൈവതേജസ്സിന്റെ പ്രഭ സൂര്യരശ്മികളുടെ തിളക്കമോ ശോഭയോ പോലെയാണ്. പുത്രൻ ദൈവത്തിന്റെ തേജസ്സിന്റെ തിളക്കം, ശോഭ ആണ്. തേജസ്സിൽനിന്നും പ്രഭയെ വേർതിരിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ഇത് സൂര്യന്റെ പ്രകാശത്തെ സൂര്യന്റെ കിരണങ്ങളിൽ നിന്ന് വേർതിരിക്കുന്നതു പോലെയാണ്. ഇത് ചെയ്യുവാൻ കഴിയുകയില്ല, കാരണം പ്രകാശവും കിരണങ്ങളും ഒന്നാണ്. വിദ്യുച്ഛക്തി സംബന്ധമായ വെളിച്ചങ്ങളുടെ ഉദാഹരണം പരിഗണിക്കുക. വെളിച്ചം ഒരു കാര്യമാണെന്നും വൈദ്യുതി മറ്റൊന്നാണെന്നും പറയുവാൻ നമുക്കു കഴിയുമോ? തീർച്ചയായും പറ്റില്ല. വെളിച്ചം കേവലം വൈദ്യുതിയുടെ ആവിഷ്കാരമാണ്. വൈദ്യുതി ഒരു മർമ്മമാണ്. ആരെങ്കിലും വൈദ്യുതിയെ കണ്ടിട്ടുണ്ടോ? അതൊരു മർമ്മമാണെങ്കിലും, തീർച്ചയായും അത് ഒരു യാഥാർഥ്യമാണ്. ഒരു മുറിയിൽ വൈദ്യുതി ഉണ്ടെന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും? വെളിച്ചത്തെ നോക്കുന്നതിലൂടെ. വെളിച്ചം വൈദ്യുതിയുടെ തേജസ്സിന്റെ പ്രഭയാണ്. അതുപോലെ, നാം ഒരിക്കലും പുത്രനെ ദൈവത്തിൽ നിന്ന് വേറിട്ടവനായി കണക്കാക്കരുത്. പുത്രൻ ദൈവത്തിന്റെ ആവിഷ്കാരമാണ്.

ക്രിസ്തു ദൈവമാണെന്ന് വിശ്വസിക്കാത്ത ചില നാമമാത്ര ക്രിസ്ത്യാനികളുണ്ട്. ഇതാണ് കർത്താവായ യേശുവിനെതിരായ ഏറ്റവും വലിയ ദൈവദൂഷണം. നമ്മുടെ കർത്താവ് ദൈവത്തെക്കാൾ ഒട്ടും കുറഞ്ഞവനല്ല. അവൻ ദൈവം

തന്നെയാണ്. 1950-ൽ ഞാൻ മനിലയിൽ ആയിരുന്നപ്പോൾ, ക്രിസ്തു ദൈവമാണെന്ന് വിശ്വസിക്കാത്ത നാമമാത്ര ക്രിസ്ത്യാനികളുടെ ഒരു കൂട്ടം അവിടെ വളരെ പ്രബലമായിരുന്നു. അവരിൽ ചിലർ കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്കു തിരിഞ്ഞു. ഒരു ദിവസം ആ കൂട്ടത്തിൽ നിന്നുള്ള നാലു പ്രതിനിധികൾ, രണ്ട് അഭിഭാഷകരും, ഒരു മെഡിക്കൽ ഡോക്ടറും, ഒരു അധ്യാപകനും എന്നെ കാണുവാൻ വന്നു. എന്നെ പരാജയപ്പെടുത്തുവാൻ അവർ തങ്ങളുടെ ബൈബിളുമായി വന്നു. അവർ ചോദിച്ച ആദ്യത്തെ ചോദ്യം, "മിസ്റ്റർ. ലീ, ക്രിസ്തു ദൈവമാണെന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും?" എന്നായിരുന്നു. ഞാൻ മറുപടി പറഞ്ഞു, "ക്രിസ്തു ദൈവമല്ലെന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും? നിങ്ങൾ ആദ്യം എനിക്ക് ഉത്തരം നൽകുക, തുടർന്ന് ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. ക്രിസ്തു ദൈവമല്ലെന്ന് ബൈബിളിൽ എവിടെയാണ് പറയുന്നതെന്ന് എന്നോട് പറയുക." അവർ പറഞ്ഞു, "ക്രിസ്തു ദൈവമല്ലെന്ന് പറയുന്ന ഒരു വാക്യം ഞങ്ങൾക്ക് കാണിച്ചുതരാനാവില്ല. എന്നിരുന്നാലും, ക്രിസ്തു ദൈവമാണെന്ന് നിങ്ങൾ ഊഹിക്കരുത്." ഞാൻ ഊഹിക്കുന്നില്ല എന്ന് അവരോട് പറഞ്ഞുകൊണ്ട്, ഞാൻ യോഹന്നാൻ 1:1 ഉദ്ധരിക്കുവാൻ തുടങ്ങി. ഉടനെ അവർ പറഞ്ഞു, "വചനം ദൈവമായിരുന്നുവെന്ന് ഈ വാക്യം പറയുന്നു, എന്നാൽ ക്രിസ്തു ദൈവമാണെന്ന് അതു പറയുന്നില്ല." ഞാൻ പറഞ്ഞു, "നിങ്ങൾ എന്തുതരം ആളുകളാണ്? നിങ്ങൾക്ക് സ്ഥിരബുദ്ധിയുണ്ടോ? എന്നോട് പറയൂ, വചനം ആരാണ്?" അവർ പറഞ്ഞു, "വചനം വചനമാണ്. വചനം ക്രിസ്തു അല്ല." അപ്പോൾ ഞാൻ ചോദിച്ചു, "വചനം ജഡമായിത്തീർന്നുവെന്നു പറയുന്ന വാക്യം 14 നിങ്ങൾക്കില്ലേ? അവർ പറഞ്ഞു, "അതു ജഡമാണ്. അത് ക്രിസ്തു അല്ല." ഞാൻ പറഞ്ഞു, "ഇത്തരത്തിലുള്ള വളച്ചൊടിക്കലിന് എനിക്ക് സമയമില്ല. നിങ്ങൾ സംസാരിക്കുന്നത് അസംബന്ധമാണ്." അവർ എന്നോട് പൈശാചികമായി താഴ്മയുള്ളവരായിരിക്കുവാൻ ശ്രമിക്കുകയും അവരോട് ക്ഷമ കാണിക്കുവാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തെങ്കിലും ഞാൻ പറഞ്ഞു, "ഞാൻ നിങ്ങളെ കേൾക്കുവാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ അസംബന്ധം സംസാരിക്കുന്നു. നിങ്ങൾക്ക് സുബോധമില്ല. ആദിയിൽ വചനം ഉണ്ടായിരുന്നുവെന്നും, വചനം ദൈവമായിരുന്നുവെന്നും, ഈ വചനം ജഡമായിത്തീർന്നുവെന്നും, ഈ ജഡം യേശു എന്നു പേരുള്ളവനായിരുന്നുവെന്നും, യേശു ദൈവമാണെന്നും സുബോധമുള്ള എല്ലാവരും മനസ്സിലാക്കുന്നു. എന്നാൽ നിങ്ങൾ സംസാരിക്കുന്നത് തികഞ്ഞ അസംബന്ധമാണ്." അവർ തുറന്നുകാട്ടപ്പെടുകയും പരാജയപ്പെടുകയും ചെയ്തു. തങ്ങൾക്ക് സത്യമില്ലെന്നും അവർക്കുണ്ടായിരുന്നത് വ്യാജമായിരുന്നുവെന്നും ആ കൂട്ടത്തിലെ അംഗങ്ങളിൽ ചിലർ കാണുവാൻ ഇടയായി.

നമ്മുടെ കർത്താവായ യേശു ദൈവമാണെന്ന് നാമെല്ലാവരും തിരിച്ചറിയണം. അവൻ നമ്മുടെ ദൈവമല്ലാതെ മറ്റാരെങ്കിലുമാണെന്ന് കരുതരുത്. അവൻ ദൈവമാണ്. അങ്ങനെ, അവൻ ദൈവതേജസ്സിന്റെ പ്രഭയാണെന്ന് 1:3 പറയുന്നു.

## B. ദൈവസത്തയുടെ പ്രകടമായ സ്വരൂപം

പുത്രൻ ദൈവസത്തയുടെ പ്രകടമായ സ്വരൂപവുമാണ് (1:3). തേജസ്സ് ബാഹ്യാവിഷ്കാരവും സത്ത ആന്തരിക സാരാംശവുമാണ്. ദൈവത്തിന് അവന്റെ സാരാംശവും സത്തയും അതോടൊപ്പം അവന്റെ പ്രത്യക്ഷതയും ഉണ്ട്. ദൈവത്തിന്റെ സാരാംശം അവന്റെ സത്തയാണ്. ഉദാഹരണത്തിന്, ഒരു മേശ സാരമുള്ളതാണ്. ഇതിന് മരം എന്ന ഒരു പദാർത്ഥമുണ്ട്. മരമാണ് മേശയുടെ സാരാംശം. അതുപോലെ, നമ്മുടെ ദൈവം സാരമുള്ളവനാണ്. അവന് സത്തയും തേജസ്സും ഉണ്ട്. ഈ കാര്യങ്ങൾ വിശദീകരിക്കുവാൻ മതിയായ വാക്കുകൾ നമുക്കില്ല. നമ്മുടെ ദൈവം തേജസ്സുള്ളവനാണെന്നും സാരമുള്ളവനാണെന്നും പറയുവാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. ദൈവത്തിന്റെ തേജസ്സിനെ സംബന്ധിച്ചിടത്തോളം, ഈ തേജസ്സിന്റെ പ്രഭ പുത്രനാണ്. ദൈവത്തിന്റെ സത്തയെ സംബന്ധിച്ചിടത്തോളം, പുത്രൻ ഈ സത്തയുടെ പ്രകടമായ സ്വരൂപമാണ്.

ദൈവസത്തയുടെ പ്രകടമായ സ്വരൂപം മുദ്ര പതിപ്പിക്കുന്നതു പോലെയാണ്. ഒരു മുദ്രയ്ക്ക് ഒരു രൂപമുണ്ട്. കടലാസിൽ മുദ്ര പതിപ്പിക്കുമ്പോൾ, കടലാസ് പ്രകടമായ അതേ രൂപം വഹിക്കുന്നു. ഒരു മുദ്രയിൽ *USA* എന്ന അക്ഷരങ്ങൾ ഉണ്ടെന്നു സങ്കല്പിക്കുക. ഒരു കഷ്ണം കടലാസിൽ മുദ്ര പതിപ്പിക്കുമ്പോൾ, മുദ്രയിലുള്ളതുപോലത്തെ അതേ രൂപം കടലാസ് വഹിക്കുന്നു. പുത്രൻ ദൈവതേജസ്സിന്റെ പ്രഭ മാത്രമല്ല, ദൈവസത്തയുടെ മുദ്രയുമാണ്. ഇത് അർത്ഥമാക്കുന്നത് പുത്രൻ, ദൈവം നമ്മുടെ അടുക്കൽ വരുന്നതാകുന്നു എന്നാണ്. ഞാൻ മുദ്ര എന്റെ കൈയിൽ വയ്ക്കുമ്പോൾ, അത് അവിടെയുണ്ട്. ഞാൻ നിങ്ങളുടെ മേൽ മുദ്ര വയ്ക്കുമ്പോൾ മുദ്ര നിങ്ങളുടെ അടുക്കൽ വരുന്നു. നിങ്ങൾ എവിടെ പോയാലും, മുദ്രയുടെ പതിപ്പ് നിങ്ങൾ വഹിക്കുന്നു. ദൈവം നിങ്ങളുടെ അടുക്കൽ വരാതിരിക്കുമ്പോൾ, അവൻ ദൈവം മാത്രമാണ്. ദൈവം നിങ്ങളുടെ അടുക്കൽ വരുമ്പോൾ, അവൻ തന്റെ സത്തയുടെ മുദ്രയെന്ന നിലയിൽ പുത്രനാണ്.

നമ്മുടെ ക്രിസ്തു ദൈവം നമ്മുടെ അടുക്കലേക്കു വരുന്നതാണ്. അവൻ നമ്മുടെ ദൈവം നമ്മുടെ അടുക്കൽ എത്തുന്നതാണ്. സൂര്യന് എങ്ങനെ നമ്മുടെ അടുക്കൽ എത്താനാകും? കിരണങ്ങൾ പ്രകാശിക്കുന്നതിലൂടെ. സൂര്യനില്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, ഉച്ചയ്ക്ക് പതിനഞ്ച് മിനിറ്റ് നിങ്ങൾ വെളിയിൽ നിൽക്കണം.

സൂര്യന്റെ കിരണങ്ങൾ നിങ്ങളിലേക്ക് എത്തുന്നതുകൊണ്ട്, സൂര്യൻ നിങ്ങളെ പൊള്ളൽ ഏൽപ്പിക്കും. സൂര്യൻ നിങ്ങളുടെ അടുക്കൽ എത്തുന്നു എന്നാണ് ഇതിനർഥം. ആരാണ് പുത്രൻ? പുത്രൻ ദൈവം നമ്മുടെ അടുക്കൽ എത്തുന്നതാണ്, നമ്മോട് ഒന്നായിരിക്കുവാൻ വരുന്ന ദൈവമാണ്. "നമുക്ക് സൂര്യസ്നാനം ഏൽക്കാം" എന്ന് ആളുകൾ പലപ്പോഴും പറയുന്നു. അവർ ഒരു സൂര്യസ്നാനം ഏറ്റശേഷം, സൂര്യന്റെ ചില മൂലകങ്ങൾ അവരിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നു. ഇത് അർഥമാക്കുന്നത് സൂര്യൻ അവരിൽ എത്തുന്നു എന്നാണ്. അതുപോലെ, ദൈവപുത്രനായ ക്രിസ്തു, നമ്മിൽ എത്തിച്ചേരുകയും നമ്മിലേക്ക് വരുകയും ചെയ്യുന്ന ദൈവം തന്നെയാണ്. നമ്മിൽ എത്തിച്ചേരുന്ന ഒരു ദൈവം, നമ്മിലേക്കു വരുന്ന ഒരു ദൈവം നമുക്കുണ്ട്. ഇതാണ് നമ്മുടെ രക്ഷ, രണ്ടാം അധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന വലിയ രക്ഷ. നമ്മുടെ വലിയ രക്ഷ, നമ്മിൽ എത്തിച്ചേരുകയും നമ്മിലേക്കു വരുകയും ചെയ്യുന്ന ദൈവമാണ്. ഇതാണ് ദൈവപുത്രൻ.

## C. ദൈവം തന്നെയാണ്

ദൈവതേജസ്സിന്റെ പ്രഭയും ദൈവസത്തയുടെ പ്രകടമായ മുദ്രയുമായ പുത്രൻ ദൈവം തന്നെയാണെന്ന് എബ്രായർ 1:8 വെളിപ്പെടുത്തുന്നു. പുത്രനെ സംബന്ധിച്ച് വാക്യം 8 പറയുന്നു, "ദൈവമേ, നിന്റെ സിംഹാസനം" എന്ന്. പുത്രൻ ദൈവം തന്നെയാണെന്ന് ഇത് വെളിപ്പെടുത്തുന്നു.

## D. കർത്താവ്

പുത്രൻ സ്രഷ്ടാവായ കർത്താവാണെന്ന് വാക്യം 10 വെളിപ്പെടുത്തുന്നു. "കർത്താവേ, നീ ആദിയിൽ ഭൂമിക്ക് അടിസ്ഥാനമിട്ടു, ആകാശം നിന്റെ കൈകളുടെ പ്രവൃത്തികളാകുന്നു." ദൈവപുത്രനായ ക്രിസ്തു ദൈവം തന്നെയും, ഒപ്പം സ്രഷ്ടാവായ കർത്താവുമാണ്. അവൻ സ്രഷ്ടാവായ കർത്താവല്ലെന്ന് ചിന്തിക്കരുത്. അവൻ ദൈവവും സ്രഷ്ടാവായ കർത്താവുമാണ്.

# II. അവന്റെ വേല

നാം ഇനി പുത്രന്റെ വേലയിലേക്ക് വരുന്നു. 1:2-3-ൽ പുത്രന്റെ വേലയുടെ രണ്ടു ഭാഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു: സൃഷ്ടിപ്പും വീണ്ടെടുപ്പും.

## A. സൃഷ്ടിപ്പിൽ

### *1. കഴിഞ്ഞകാലത്തിൽ പ്രപഞ്ചത്തെ സൃഷ്ടിച്ചത്*

പുത്രൻ ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചുവെന്ന്

എബ്രായർ ഒന്നാം അധ്യായം വെളിപ്പെടുത്തുന്നു (1:2, 10). പുത്രനിലൂടെ സകലവും നിലവിൽ വന്നു (യോഹ. 1:3; കൊലൊ. 1:16; 1 കൊരി. 8:6). പുത്രനാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവ്.

### *2. ഇപ്പോൾ സകല കാര്യങ്ങളെയും താങ്ങിനിർത്തുന്നു*

സകലത്തെയും സൃഷ്ടിച്ചതിനുശേഷം, പുത്രൻ താങ്ങിനിർത്തുന്നവനായിത്തീർന്നു (1:3). ഭൂമിയെ വായുവിൽ തൂക്കിനിർത്തിയിരിക്കുന്നു. അതിനെ താങ്ങുന്ന തൂണുകളും ഇല്ല. ക്രിസ്തു ഭൂമിയെ സൃഷ്ടിച്ചതിനുശേഷം, അവൻ താങ്ങിനിർത്തുവാൻ തുടങ്ങി. അവൻ അതിനെ തന്റെ ശക്തിയുള്ള വചനത്താൽ താങ്ങിനിർത്തുന്നു. ഭൂമിയെ ആരാണ് പിടിച്ചിരിക്കുന്നതെന്ന് നിങ്ങൾ ശാസ്ത്രജ്ഞരോടു ചോദിച്ചാൽ, എന്തോ ഒന്ന് അതിനെ താങ്ങിനിർത്തുന്നു എന്ന് അവർ പറയും. ഭൂമി നിരവധി ഗ്രഹങ്ങളിൽ ഒന്നാണ്. എല്ലാ ഗ്രഹങ്ങളും അതതിന്റെ പാതയനുസരിച്ച് സഞ്ചരിക്കുന്നുവെന്ന് ജ്യോതിശാസ്ത്രജ്ഞർ നമ്മോടു പറയുന്നു. അവ ഭ്രമണപഥത്തിൽനിന്നു മാറി സഞ്ചരിക്കുകയാണെങ്കിൽ, ഒരു ആഗോള അപകടമുണ്ടാകും. ആരാണ് പ്രപഞ്ചത്തെ താങ്ങിനിർത്തുന്നത്? പുത്രൻ. അവൻ പ്രപഞ്ചത്തെ അനായാസം താങ്ങിനിർത്തുന്നു. അവൻ യാതൊന്നും ചെയ്യുന്നില്ല — അവൻ സംസാരിക്കുകമാത്രം ചെയ്യുന്നു. തന്റെ ശക്തിയുടെ വചനത്താൽ അവൻ സകലത്തെയും താങ്ങിനിർത്തുന്നു.

എബ്രായലേഖനം ദൈവവചനത്തെ സംബന്ധിച്ച ഒരു പുസ്തകമാണ്. ഈ പ്രപഞ്ചം ദൈവത്തിന്റെ വചനത്താൽ രൂപപ്പെട്ടുവെന്ന് 11:3-ൽ നമ്മോടു പറയുകയും, പ്രപഞ്ചത്തെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തയിരിക്കുന്നുവെന്ന് 1:3-ൽ നാം കാണുകയും ചെയ്യുന്നു. ദിവ്യവചനം വളരെ അർഥവത്താണ്. പുത്രൻ സ്രഷ്ടാവു മാത്രമല്ല, പിന്നെയോ അവൻ താങ്ങിനിർത്തുന്നവനുമാണ്. അവൻ പ്രപഞ്ചത്തെ അവന്റെ വചനത്താൽ സൃഷ്ടിക്കുകയും താങ്ങിനിർത്തുകയും ചെയ്യുന്നു.

### *3. ഭാവിയിൽ സകലത്തെയും അവകാശമാക്കുന്നു*

കഴിഞ്ഞ കാലത്ത്, അവൻ സ്രഷ്ടാവായിരുന്നു; ഇപ്പോൾ, അവൻ താങ്ങിനിർത്തുന്നവനാണ്; ഭാവിയിൽ, അവൻ സകലത്തിന്റെയും അവകാശിയാകും (1:2). സൂര്യനും ഭൂമിയും സൗരയൂഥവും നക്ഷത്രങ്ങളും താരാപഥങ്ങളും — എല്ലാം അവന്റേതാണ്. എല്ലാം അവനുവേണ്ടിയാണ്. അവൻ സകലത്തെയും അവകാശമാക്കും. ദൈവത്തിന്റെ സൃഷ്ടിപ്പിൽ അവൻ സ്രഷ്ടാവും താങ്ങിനിർത്തുന്നവനും അവകാശിയുമാണ്. സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നു (റോമ 11:36).

## B. വീണ്ടെടുപ്പിൽ

### *1. കഴിഞ്ഞ കാലത്തെ പാപങ്ങളെ ശുദ്ധീകരിച്ചിട്ട്*

ദൈവത്തിന്റെ വീണ്ടെടുപ്പിലും മൂന്ന് കാലഘട്ടങ്ങളുണ്ട്. ഒന്നാമതായി, ഭൂതകാലത്ത് കർത്താവ് നമ്മുടെ പാപങ്ങളെ ശുദ്ധീകരിച്ചു (1:3). അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുവെന്നു മാത്രമല്ല, അവയുടെ ശുദ്ധീകരണവും നടത്തി. പ്രായശ്ചിത്തം മറയ്ക്കുക എന്ന് അർഥമാക്കുന്നു, എന്നാൽ ശുദ്ധീകരണം നമ്മുടെ പാപങ്ങൾ കഴുകിക്കളയുന്നത് അർഥമാക്കുന്നു. പഴയനിയമത്തിലെ മുൻകുറിയിൽ, പ്രായശ്ചിത്തത്തിന് പാപങ്ങളെ മറയ്ക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ (സങ്കീ. 32:1), എന്നാൽ അവയെ എടുത്തുകളയുവാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ, പ്രായശ്ചിത്തം വരുത്തുന്ന പുരോഹിതന്മാർ ദിവസവും അതേ യാഗങ്ങളെ അർപ്പിച്ചുകൊണ്ടു നിന്നിരുന്നു, ഒരിക്കലും ഇരിക്കുവാൻ കഴിഞ്ഞില്ല. (എബ്രാ. 10:11). എന്നാൽ പുത്രൻ പാപത്തെ നീക്കിക്കളയുകയും (യോഹ. 1:29) പാപങ്ങളുടെ ശുദ്ധീകരണം ഒരിക്കലായി നിർവഹിക്കുകയും ചെയ്തു. അതുകൊണ്ട്, അവൻ എന്നേക്കുമായി ഇരുന്നു (എബ്രാ 10:10, 12). ദൈവത്തിന്റെ ദൃഷ്ടിയിൽ പാപം അവസാനിച്ചു. ദൈവത്തിന്റെ ദൃഷ്ടിയിൽ, പ്രപഞ്ചത്തിലുടനീളം, പാപം കഴുകിക്കളയപ്പെട്ടിരിക്കുന്നു. പാപം നിങ്ങളിലോ സഭയിലോ നിങ്ങളുടെ വീട്ടിലോ ഉണ്ടായിരിക്കരുത്. പാപത്തെ കഴുകിക്കളയുകയും പാപത്തിന്റെ ശുദ്ധീകരണം നിർവഹിക്കുകയും ചെയ്തിരിക്കുന്നു. പുത്രൻ ഈ വേല കഴിഞ്ഞകാലത്ത് പൂർത്തിയാക്കി.

### *2. ഇപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു*

ഇപ്പോൾ പുത്രൻ എന്താണു ചെയ്യുന്നത്? അവൻ ഇരിക്കുന്നു, വിശ്രമിക്കുന്നു. അവൻ ചില ഉൽകൃഷ്ടമായ കാഴ്ചകൾ ആസ്വദിക്കുന്നു. തന്നെ പ്രണയിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നവർ അവൻ വരുത്തിയ പാപത്തിന്റെ ശുദ്ധീകരണം അനുഭവിക്കുന്നത് വീക്ഷിച്ചുകൊണ്ട് അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവൻ അവിടെ യാതൊന്നും ചെയ്യുന്നില്ല — അവൻ കേവലം ഇരിക്കുകയാണ്. കർത്താവായ യേശു ഇരിക്കുകയാണെന്ന് എബ്രായലേഖനം കുറഞ്ഞത് അഞ്ച് തവണയെങ്കിലും പറയുന്നു (1:3, 13; 8:1; 10:12; 12:2). അവന് ചെയ്യുവാൻ ഒന്നുമില്ല. അവന് നിങ്ങളെ വീണ്ടും കഴുകേണ്ട ആവശ്യമില്ല, കാരണം അവൻ നിങ്ങളെ സമ്പൂർണമായി കഴുകിയിരിക്കുന്നു. നിങ്ങൾ ഏറ്റുപറയുന്നതിനുമുമ്പുതന്നെ,

അവൻ നിങ്ങളെ കഴുകിയിരിക്കുന്നു. വാസ്തവത്തിൽ, നിങ്ങൾ ജനിക്കുന്നതിനു മുമ്പുതന്നെ നിങ്ങളെ കഴുകിയിരിക്കുന്നു. ഇനി കർത്താവിന് കൂടുതലായി യാതൊന്നും ചെയ്യുവാനില്ല. ഇത് പുരോഹിതന്മാരുടെ വേലയെക്കാൾ മേന്മയേറിയതാകുന്നു.

### *3. ഭാവിയിൽ ശത്രുക്കൾ കീഴ്പെടുന്നതിനുവേണ്ടി കാത്തിരിക്കുന്നു*

തന്റെ ശത്രുക്കൾ കീഴ്പെടുവാൻ കർത്താവ് കാത്തിരിക്കുന്നു. ഇത് ഭാവിയിൽ സംഭവിക്കും. കർത്താവിന് ഒരു പാദപീഠമല്ലാതെ മറ്റൊന്നിന്റെയും കുറവില്ല. അവന് സിംഹാസനവും കിരീടവും ഉണ്ടെങ്കിലും, അവന് ഇതുവരെ പാദപീഠമില്ല. അവൻ ഇതിനായി മാത്രം കാത്തിരിക്കുകയാണ്. ഒരു ദിവസം അവൻ ഈ പാദപീഠം നേടുമെന്ന് ഉറപ്പുള്ളവരായിരിക്കുക.

നമുക്കു ചെയ്യുവാൻ ഒന്നും അവശേഷിപ്പിക്കാതെ, ക്രിസ്തു ദൈവത്തിനും നമുക്കും വേണ്ടി സകലവും നിർവഹിച്ചിരിക്കുന്നുവെന്ന വസ്തുത എബ്രായലേഖനം ഊന്നിപ്പറയുന്നു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു എന്നത്, അവന്റെ വേല നിവർത്തിയായി എന്നും, അവന്റെ ശത്രുക്കളെ ദൈവം അവന്റെ പാദപീഠമാക്കും എന്ന ഒരു കാര്യത്തിനുവേണ്ടി കാത്തിരുന്നുകൊണ്ട് അവൻ അവിടെ വിശ്രമിക്കുന്നുവെന്നും സൂചിപ്പിക്കുന്നു. അവന് പൂർണ വിശ്രമം ഉണ്ടാകേണ്ടതിന് ഒരു പാദപീഠത്തിനായി കാത്തുകൊണ്ട് അവൻ സ്വർഗത്തിൽ ഇരിക്കുന്നു.

പഴയനിയമത്തിൽ ദൈവം പ്രവാചകന്മാരിൽ, തന്റെ ആത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ട മനുഷ്യരിൽ, സംസാരിച്ചു (2 പത്രൊ. 1:21). പുതിയനിയമത്തിൽ അവൻ പുത്രനിൽ, പുത്രനെന്ന വ്യക്തിയിൽ സംസാരിക്കുന്നു. പുത്രൻ ദൈവം, ആവിഷ്കരിക്കപ്പെട്ട ദൈവം ആകുന്നു (1:8). പിതാവായ ദൈവം മറഞ്ഞിരിക്കുന്നു; പുത്രനായ ദൈവം ആവിഷ്കരിക്കപ്പെടുന്നു. ആരും ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല; ദൈവവചനവും ദൈവത്തിന്റെ സംസാരവുമായ പുത്രൻ (യോഹ. 1:1; വെളി 19:13) അവനെ പ്രഖ്യാപിക്കുകയും, അവന്റെ പൂർണ ആവിഷ്കാരവും വിശദീകരണവും നിർവചനവും ആയിരിക്കുകയും ചെയ്തു (യോഹ. 1:18). പുത്രനാണ് എബ്രായലേഖനത്തിന്റെ കേന്ദ്രം, കേന്ദ്രബിന്ദു. ദൈവത്വത്തിൽ അവൻ ദൈവതേജസ്സിന്റെ പ്രഭയും ദൈവസത്തയുടെ പ്രകടമായ സ്വരൂപവുമാണ്. സൃഷ്ടിപ്പിൽ പ്രപഞ്ചത്തെ നിർമിച്ച മുഖാന്തരവും, സകലത്തെയും താങ്ങിനിർത്തുന്ന ശക്തിയും, സകലത്തെയും അവകാശമാക്കുവാൻ നിയമിക്കപ്പെട്ട അവകാശിയും അവൻ ആകുന്നു. വീണ്ടെടുപ്പിൽ അവൻ പാപങ്ങളുടെ ശുദ്ധീകരണം പൂർത്തിയാക്കുകയും, ഇപ്പോൾ അവന്റെ ശത്രുക്കൾ

കീഴ്പെടുന്നതിനുവേണ്ടി കാത്തുകൊണ്ട് സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്യുന്നു.

എബ്രായലേഖനം പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വിരുദ്ധത വെളിപ്പെടുത്തുന്നു. പഴയനിയമം അക്ഷരങ്ങളിലും രീതികളിലുമുള്ള ന്യായപ്രമാണത്താലായിരുന്നു; അത് മനുഷ്യനാലും ഭൗമികവും താൽക്കാലികവും ആയിരുന്നു; കാഴ്ചയിൽ അത് യെഹൂദമതം എന്നു വിളിക്കപ്പെടുന്ന ഒരു മതത്തിൽ പര്യവസാനിച്ചു. പുതിയനിയമം ജീവനാലും ആത്മികവും സ്വർഗീയവും സ്ഥിരവും വിശ്വാസത്താലും ദൈവപുത്രനെന്ന ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കപ്പെട്ടതുമാണ്.